(Pages : 3) **E – 3756**

Reg. No. : ....................................

Name : ........................................

**Fourth Semester M.A. (Malayalam) Degree Examination, July 2018**
**Paper – XIII-ML 241 : സമകാലികസാഹിത്യം – പദ്യം**
**(2013 Admission Onwards)**
**Common for Malayalam Language and Literature and Malayalam With Media Studies**

Time : 3 Hours Max. Marks : 75

I. **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക : **(7×3=21 മാർക്ക്)**

1) a) "തിന്നു നീയറിവിന്റെ മധുരക്കനി; ഞാനോ ?
തിന്നുകയാണിന്നതിൻ തിക്തമാം പുറന്തൊലി!'' – ആര് ആരോടു പറയുന്ന വാക്കുകൾ ? കാവ്യസന്ദർഭമേത് ?

**അല്ലെങ്കിൽ**

b) ''അവരറിയില്ലല്ലോ
ഇരട്ടജന്മത്തിന്റെ ആനുകൂല്യത്തിൽ
കല്ലു, ജീവിതത്തെ ആവിഷ്കരിക്കുകയാണെന്ന്!'' – വ്യക്തമാക്കുക.

2) a) "സുനിശ്ചയം!
പാതി ഞാൻ ദൈവത്തിന് നേർച്ച നൽകിടും !'' – കാവ്യസന്ദർഭവും അർത്ഥ ധ്വനികളും വ്യക്തമാക്കുക.

**അല്ലെങ്കിൽ**

b) ''ജീവികുലത്തെ മറന്നു
ഹോമപ്പുക, മാരി പെയ്യിക്കുമെന്നോർത്തിരിക്കും
വിഡ്ഢി – രാജാവ് വേണ്ട, രാജർഷിയും വേണ്ട!'' – ആശയം വ്യക്തമാക്കുക.

3) a) ''വാക്കുകൾ മരിച്ച ദിവസമായിരുന്നു എഴുത്തിന്റെ തുടക്കം!''
– കവിതയേത് ? വരികളുടെ പ്രസക്തിയെന്ത് ?

**അല്ലെങ്കിൽ**

b) 'പേ പിടിച്ച ദിനങ്ങൾ
പേടി കടിച്ചു തുപ്പിയ പേക്കിനാവുകൾ !' – സാരസ്യം വ്യക്തമാക്കുക.

P.T.O.

gcwcentrallibrary.in

4) a) അയ്യപ്പപ്പണിക്കരുടെ ശാസ്ത്രാഭിമുഖ്യം 'ഹേ ഗഗാറിൻ' എന്ന കവിത മുൻനിർത്തി വിവരിക്കുക.

**അല്ലെങ്കിൽ**

b) 'മയങ്ങാറുണ്ടാവില്ലവളോളം വൈകിയൊരു നക്ഷത്രവും.'' – വരികളുടെ തീക്ഷ്ണത വ്യക്തമാക്കുക.

5) a) ''ഒറ്റ സ്റ്റാപ്പിൽ ഒതുക്കാനാവില്ല സർ
ഒരു ജന്മത്തിന്റേയും സത്യം !'' – വരികളുടെ അർത്ഥ ധ്വനികൾ
വ്യക്തമാക്കുക.

**അല്ലെങ്കിൽ**

b) ''പാഴിലതി നിന്ദ്യമീ നരത്വത്തിന്റെ –
യാഴമെന്താണെന്നറിഞ്ഞൊടുങ്ങട്ടെ ഞാൻ !'' – ഏതു കവിത ? ഇപ്രകാരം പറയാൻ കാരണമെന്ത് ?

6) a) 'വിജയലക്ഷ്മിക്കവിതകളിലെ കാൽപ്പനികഭാവം വിലയിരുത്തുക.

**അല്ലെങ്കിൽ**

b) സൈബർ കവിതകളെക്കുറിച്ച് കുറിപ്പെഴുതുക.

7) a) വീരാൻകുട്ടി എന്ന കവിയുടെ കാവ്യവ്യക്തിത്വം 'നാടോടി' എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

**അല്ലെങ്കിൽ**

b) 'രക്തത്തിൽ കുളിപ്പിക്കരുതേ' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക : **(5×6=30 മാർക്ക്)**

8) a) ചുള്ളിക്കാടിന്റെ കവി വ്യക്തിത്വത്തെ പൂർണ്ണമായി ആവാഹിക്കുന്ന കവിതയാണ് 'ഡ്രാക്കുള' – സമർത്ഥിക്കുക.

**അല്ലെങ്കിൽ**

b) പുരുഷ വർഗ്ഗം നടത്തുന്ന രൂക്ഷമായ ആത്മവിമർശനമാണ് ആറ്റൂരിന്റെ 'സംക്രമണം' – ചർച്ച ചെയ്യുക.

9) a) 'സൗഹൃദം' എന്ന കവിത മുൻനിർത്തി ആർ. രാമചന്ദ്രൻ എന്ന കവിയുടെ രചനാശൈലി വിലയിരുത്തുക.

**അല്ലെങ്കിൽ**

b) 'വേനലിൽ ഒരു പുഴ' എന്ന കവിതയിലെ കാൽപ്പനിക ഭാവത്തെക്കുറിച്ച് ഉപന്യസിക്കുക.

gcwcentrallibrary.in

10) a) 'കെ. ജി. ശങ്കരപ്പിള്ളയുടെ കവിതകൾ അനുവാചകരെ വികാരപരതയിലേക്കല്ല; ധിഷണാപരതയിലേക്കാണ് നയിക്കുന്നത്.' – പ്രസ്താവന വിലയിരുത്തുക.

**അല്ലെങ്കിൽ**

b) 'ഇടിഞ്ഞു പൊളിഞ്ഞ ലോകം' എന്ന കവിത മുൻനിർത്തി അക്കിത്തത്തിന്റെ കാവ്യാവബോധത്തെക്കുറിച്ചും ജീവിത ദർശനത്തെക്കുറിച്ചും വിവരിക്കുക.

11) a) 'മലയാള കവിതയെ നവീനഭാവുകത്വത്തിലേക്കു നയിച്ചവരിൽ സുപ്രധാന സ്ഥാനം അയ്യപ്പപ്പണിക്കർക്കുണ്ട്' – സമർത്ഥിക്കുക.

**അല്ലെങ്കിൽ**

b) ആധുനിക മലയാള കവിതയുടെ വളർച്ച സച്ചിദാനന്ദന്റെ കവിതയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന പ്രസ്താവനയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു ?

12) a) കടമ്മനിട്ടക്കവിതകളുടെ സവിശേഷതകൾ 'നദിയൊഴുകുന്നു' എന്ന കവിത മുൻനിർത്തി വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ആദമിന്റെ ദാമ്പത്യസങ്കൽപ്പം 'ആദമും ദൈവവും' എന്ന കവിതയിൽ പ്രകടമാവുന്നതെങ്ങനെ ? വിശദമാക്കുക.

III. **അഞ്ചുപുറത്തിൽ കവിയാതെ ഉപന്യസിക്കുക :** **(3×8=24 മാർക്ക്)**

13) a) 'മാട്രിമോണിയൽ' എന്ന കവിത ശക്തമായ ഒരു സ്ത്രീപക്ഷ കവിതയാകുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

b) ആധുനിക മലയാള കവിതയിലെ പാരിസ്ഥിതികബോധം വിലയിരുത്തുക.

14) a) 'ഭ്രാന്ത് ഒരു സാധ്യതയാണ്' – കൈതേരി കല്ലു എന്ന കവിത മുൻനിർത്തി പ്രസ്താവന വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ആക്ഷേപഹാസ്യത്തിന്റെ സാധ്യതകൾ സമർത്ഥമായി ഉപയോഗിക്കുന്ന കവിയാണ് കെ. ആർ. ടോണി – വിലയിരുത്തുക.

15) a) മലയാള കവിതയെ ആധുനീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

b) തെരുവിൽ കിടന്നുറങ്ങുന്ന ഒരാൾക്കുമാത്രം സാധ്യമാവുന്ന ആത്മബോധത്തിന്റെ പ്രകാശനങ്ങളാണ് അയ്യപ്പന്റെ കവിതകൾ – സമർത്ഥിക്കുക.

gcwcentrallibrary.in